**മധുരമായ കുട്ടികളേ - അതിരാവിലെ എഴുന്നേറ്റ് ഓര്‍മ്മയിലിരിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ, ഭോജനം സമയത്തും പരസ്പരം ബാബയുടെ ഓര്‍മ്മ ഉണര്‍ത്തൂ. ഓര്‍മ്മിച്ചോര്‍മ്മിച്ച് നിങ്ങള്‍ പാസ് വിത്ത് ഓണര്‍ ആയി മാറും.**

**ചോദ്യം:-** ഏതൊരു കുറവിന്റെ കാരണം കുട്ടികളുടെ റിപ്പോര്‍ട്ട് ബാബയുടെ അടുത്തുവരുന്നു?
**ഉത്തരം:-** പല കുട്ടികളും ഇതുവരെയും പ്രേമസ്വരൂപരായി മാറിയിട്ടില്ല. മുഖത്തിലൂടെ ദുഃഖം നല്‍കുന്ന വാക്കുകള്‍ പറഞ്ഞുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ബാബയുടെ അടുത്ത് റിപ്പോര്‍ട്ട് എത്തുന്നു. കുട്ടികള്‍ വളരെ സ്നേഹത്തോടുകൂടി കഴിയണം. അഥവാ സ്വയത്തില്‍ തന്നെ എന്തെങ്കിലും അവഗുണങ്ങളാകുന്ന ഭൂതങ്ങളുണ്ടെങ്കില്‍ മറ്റുള്ളവരുടേത് എങ്ങനെ ഇല്ലാതാക്കും: അതുകൊണ്ട് ദേവതകളെപ്പോലെ പ്രേമസ്വരൂപരായി മാറണം. ഭൂതങ്ങളെ ഇല്ലാതാക്കണം.

**ഗീതം:-** അവസാനം ആ ദിനം വന്നെത്തി...

**ഓം ശാന്തി.** കുട്ടികള്‍ ദരിദ്രരുടെ നാഥനായ ബാബയെ മനസിലാക്കിക്കഴിഞ്ഞു. ബാബയുടെ ഓര്‍മ്മയിലിരിക്കുകയും ചെയ്യുന്നു. അഥവാ കണ്ണുകൊണ്ട് ആരെത്തന്നെ കണ്ടാലും കര്‍മേന്ദ്രിയങ്ങളിലൂടെ കര്‍മങ്ങള്‍ ചെയ്താലും പറയാറുണ്ട്-കൈ കൊണ്ട് കര്‍മം ചെയ്തുകൊണ്ടിരിക്കൂ, എന്നാല്‍ മനസ് പ്രിയതമന്റെ അടുത്ത് വയ്ക്കൂ. ബ്രാഹ്മണകുലഭൂഷണര്‍ മനസിലാക്കുന്നു, അവരോടു തന്നെയാണ് ബാബ സംസാരിക്കുന്നതും-അരകല്‍പം നിങ്ങള്‍ ബാബയെ ഓര്‍മിച്ചു. ഡ്രാമ അനുസരിച്ച് നിങ്ങള്‍ക്ക് ബാബയുടെ സ്മൃതി വന്നിരിക്കുന്നു-സൃഷ്ടിചക്രം എങ്ങനെയാണ് കറങ്ങുന്നത്. മുഴുവന്‍ ലോകവും വിസ്മൃതിയിലാണ്. ബാബയുടെ രചനയെ ബാബയുടെ പതീതപാവനമാക്കിമാറ്റുന്നതിന്റെ, സര്‍വരുടെയും സദ്ഗതി ചെയ്യുന്നതിന്റെ കര്‍ത്തവ്യത്തെ ആരും തന്നെ മനസിലാക്കുന്നില്ല. നിങ്ങള്‍ രചയിതാവിനെയും രചനയുടെ ആദി-മദ്ധ്യ-അന്ത്യത്തെയും അറിയുന്നു. നിങ്ങളുടെ സ്മൃതി ഉണര്‍ന്നിരിക്കുന്നു-സൃഷ്ടിചക്രം എങ്ങനെയാണ് കറങ്ങുന്നത്, 84ന്റെ ചക്രം എങ്ങനെയാണ് തുടങ്ങുന്നത്. ആരാണോ സത്യയുഗം മുതല്‍ കലിയുഗത്തിന്റെ അന്ത്യം വരെ പാര്‍ട്ട് അഭിനയിക്കുന്നത്. അവര്‍ തന്നെയാണ് ഇപ്പോഴും അഭിനയിക്കുന്നത്. സത്യയുഗം മുതല്‍ കലിയുഗം വരെ ജന്മമെടുത്ത് താഴേക്ക് ഇറങ്ങിയിറങ്ങി വന്നിരിക്കുന്നത്. ഇപ്പോള്‍ കലിയുഗം അന്ത്യത്തില്‍ നിങ്ങളുടെ ഉയരുന്ന കലയാണ്. പറയാറുണ്ട് നിങ്ങളുടെ ഉയരുന്ന കല എല്ലാവരുടെയും നന്മ ചെയ്യുന്നു. അതുകൊണ്ട് നിങ്ങള്‍ക്ക് മുഴുവന്‍ സ്മൃതി ഉണര്‍ന്നിരിക്കുന്നു-ഇതിനെയാണ് പറയുന്നത് സ്മൃതിലബ്ധാ, നഷ്ടോമോഹാ. ആരിലൂടെയാണ് സ്മൃതി ഉണര്‍ന്നത്? ബാബയിലൂടെ. തനിയെ സ്മൃതി ഉണരുകയൊന്നുമില്ല. നിങ്ങള്‍ക്കറിയാം നമ്മള്‍ പരംപിതാപരമാത്മാവിന്റെ സന്താനങ്ങളാണ്. ഈ ശരീരം തന്നത് ലൗകിക അച്ഛനാണ്. ഇപ്പോള്‍ പാരലൗകിക പിതാവ് പറയുന്നു-നിങ്ങള്‍ ഈ പഴയ ശരീരത്തിന്റെ ഭോഗമുപേക്ഷിക്കൂ; ഏതുപോലെയാണോ സര്‍പ്പം പഴയ തോലുപേക്ഷിക്കുന്നത്-പിന്നീട് പുതിയതെടുക്കുന്നത്. ഈ കാര്യങ്ങള്‍ സത്യയുഗം മുതല്‍ ആരംഭിക്കുന്നു.

അതുകൊണ്ട് സത്യയുഗം മുതല്‍ നിങ്ങളും ഈ തോല്‍ ഉപേക്ഷിക്കാന്‍ തുടങ്ങി. ഇപ്പോള്‍ നിങ്ങളുടെ അന്തിമജന്മമാണ്. ബാബ പറയുന്നു-ബാക്കി കുറച്ചു സമയമേയുള്ളൂ. നിങ്ങള്‍ക്ക് ധൈര്യം ലഭിച്ചിട്ടുണ്ട്, നിങ്ങള്‍ സന്തോഷത്തിലാണ്-നമ്മള്‍ വീണ്ടും ബാബയിലൂടെ സുഖത്തിന്റെ സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. സുഖത്തിന്റെ സമ്പത്താണെങ്കില്‍ ബാബയില്‍ നിന്നാണല്ലോ ലഭിക്കുന്നത്. ഈ കാര്യങ്ങളൊന്നും ഒരു മനുഷ്യന്റെയും ബുദ്ധിയില്‍ വരില്ല. ആ ലക്ഷ്മീനാരായണന്റെ ക്ഷേത്രത്തില്‍ പോയാലും അതാരാണെന്നുള്ളത് അവരുടെ ബുദ്ധിയില്‍ വരില്ല. ഇങ്ങനെ ഭക്തിമാര്‍ഗത്തില്‍ കൈ കൂപ്പി പറഞ്ഞുകൊണ്ടിരിക്കും. അങ്ങ് മാതാവും പിതാവുമാണ്...ശിവബാബ എല്ലാവരിലും വെച്ച് വലുതാണല്ലോ. ശിവബാബ തോട്ടക്കാരനുമാണ്, എന്തുകൊണ്ടെന്നാല്‍ പുതിയ ദൈവികപൂന്തോട്ടത്തിന്റെ തൈകള്‍ നടുകയാണ്. അതുകൊണ്ട് സ്വയം യജമാനനുമാണ്. പിന്നെ കൈ പിടിച്ച് കൂടെ കൊണ്ടുപോവുകയും ചെയ്യുന്നു. അതുകൊണ്ട് ബാബയാകുന്ന യജമാനന്‍, തോട്ടക്കാരന്‍, എങ്ങനെയുള്ളവനാണെന്ന് നിങ്ങള്‍ കുട്ടികള്‍ക്കു മാത്രമേ അറിയൂ. ബാക്കി അനേകപേരുകളുണ്ട്. ബാബയെ മുക്തിദാതാവ് എന്നു പറയും. ഓര്‍മിക്കേണ്ടതും അവരെത്തന്നെയാണ്. ബാബ പറയുന്നു-ഇവിടെ വരികയാണെങ്കില്‍ ശിവബാബയെ ഓര്‍മിച്ചുകൊണ്ടു വരൂ. ശിവബാബയെ നമ്മള്‍ നമ്മുടേതാക്കിമാറ്റി. ബ്രഹ്മാവും ശിവബാബയെ സ്വന്തമാക്കിയിരിക്കുന്നു. എങ്കില്‍ എന്തുകൊണ്ട് നമുക്ക് ബാബയെത്തന്നെ ഓര്‍മിച്ചുകൂടാ. ചിത്രത്തിലും കാണിക്കുന്നുണ്ട്- എല്ലാവരും ശിവനെയാണ് അംഗീകരിക്കുന്നത്. ബാബ ആത്മാക്കളോടാണ് സംസാരിക്കുന്നത്. ആ

ത്മാവ് എന്നു പറയാതെ ജീവാത്മാവെന്നു പറയാം. എന്തുകൊണ്ടെന്നാൽ എപ്പോഴാണ് ആത്മാവ് ഒറ്റയ്ക്കാവുന്നത് അപ്പോൾ സംസാരിക്കാൻ സാധിക്കില്ല. ശരീരമില്ലാതെ ആത്മാവിന് ആത്മാവിനോട് സംസാരിക്കാൻ സാധിക്കില്ല. പരംധാമത്തിൽ എന്താ പരമാത്മാവ് ആത്മാവിനോട് സംസാരിക്കുമോ? ഒരുപക്ഷേ പറഞ്ഞിരിക്കാം ക്രൈസ്റ്റിനെ പരമാത്മാവാണ് പറഞ്ഞയച്ചത്, എന്നാൽ അവിടെ പരമാത്മാവ് സംസാരിക്കുന്നില്ല, അവിടെ ആംഗ്യം കാണിക്കുന്നുമില്ല. ഡ്രാമയനുസരിച്ച് ആത്മാവ് സ്വയം തന്നെ പാർട്ടഭിനയിക്കാൻ വേണ്ടി താഴെ വരികയാണ്. ആത്മാവിൽ പാർട്ടടങ്ങിയിട്ടുണ്ട്. അതുകൊണ്ട് ആത്മാവ് താഴെ വന്ന് ശരീരം ധരിച്ച് പാർട്ടഭിനയിക്കുകയാണ്. ശരീരത്തിന്റെ പേര് എല്ലാവരുടെയും  വ്യത്യസ്തമാണ്. ആത്മാവിന്റെ പേര് ആത്മാവെന്നു തന്നെയാണ്. നമ്മൾ ആത്മാക്കൾ ഒരു ശരീരമുപേക്ഷിച്ച് വേറൊരു ശരീരം എടുത്ത് പാർട്ടഭിനയിക്കുന്നു. ഇപ്പോൾ നമ്മുടെ സ്മൃതി ഉണർന്നിരിക്കുന്നു-വേറെ ആരുടെയും ഓർമ വരാൻ പാടില്ല. എന്തുകൊണ്ടെന്നാൽ പഴയ ലോകത്തിൽ പഴയ പാർട്ട്, പഴയ ശരീരമുപേക്ഷിച്ച് പുതിയ ലോകത്തേക്ക് പോകണം. അവിടെ നമുക്ക് പുതിയ ശരീരം ലഭിക്കണം. അതുകൊണ്ട് അർത്ഥമാക്കുന്നത്-ഇപ്പോൾ 5 വികാരങ്ങളെ വിടുക തന്നെ വേണം. അതുകൊണ്ട് എത്ര വിഷമങ്ങളാണുള്ളത്.

നോക്കൂ, കുട്ടികൾ എഴുതുന്നു-കാമത്തിന്റെയും ക്രോധത്തിന്റെയും കൊടുങ്കാറ്റു വരുന്നു. അതുകൊണ്ട് ബാബ പറയുകയാണ്-കുട്ടികളേ  ദാനം ചെയ്യൂ എങ്കിൽ ഗ്രഹണം ഇല്ലാതാകും. ഈ സമയം ആത്മാവിൽ ഗ്രഹണം ബാധിച്ചിരിക്കുന്നു. ആദ്യം നിങ്ങൾ 16 കലാസമ്പൂർണരായിരുന്നു. ഇപ്പോഴാണെങ്കിൽ ഒരു കലയുമില്ല. ഏതുപോലെയാണോ ചന്ദ്രന് പൗർണ്ണമിക്കു ശേഷം മെല്ലെ മെല്ലെ കല കുറഞ്ഞുവരുന്നത്- അവസാനം ചെറിയൊരു വര മാത്രം അവശേഷിക്കുന്നു- നിങ്ങളുടെയും ഇപ്പോൾ അതേ അവസ്ഥയാണ്. ബാബ പറയുന്നു-ദാനം ചെയ്യൂ എങ്കിൽ ഗ്രഹണം ഇല്ലാതാകും. അഥവാ വികാരങ്ങളുടെ ദാനം ചെയ്ത് പിന്നീട് തിരിച്ചെടുക്കുകയാണെങ്കിൽ ഉയർന്ന പദവി ലഭിക്കില്ല. ഇവിടെ വികാരങ്ങളുടെ തന്നെ കാര്യമാണ്. പൈസയുടെ കാര്യമൊന്നുമില്ല. ഹരിശ്ചന്ദ്രന്റെ കഥയുണ്ടല്ലോ... ധനം ദാനം ചെയ്ത് തിരിച്ചെടുക്കരുത്. വാസ്തവത്തിൽ ഇതു വികാരങ്ങളുടെ കാര്യമാണ്. വികാരങ്ങൾ ദാനം ചെയ്ത് പിന്നീടതിനെ തിരിച്ചെടുക്കരുത്. മനസിന്റെ ഉള്ളിലേക്ക് നോക്കിക്കൊണ്ടിരിക്കൂ- എന്റെ മനസ് ബാബയുടെ അടുത്തു തന്നെയാണോ, ഇതിലൂടെ നമ്മുടെ ജന്മജന്മാന്തരത്തിന്റെ ഗ്രഹണം ഇല്ലാതായിട്ടുണ്ടോ. സമയമെടുക്കുമല്ലോ. പെട്ടെന്നൊന്നും ഇല്ലാതാവില്ല. കർമത്തിന്റെ കണക്കുകൾ അവസാനിച്ചിട്ടില്ലെങ്കിൽ അതിന്റെ അടയാളമായിട്ടാണ് അസുഖങ്ങൾ വരുന്നത്. കൊടുങ്കാറ്റു വരുന്നു, ഇതിന്റെ കാരണം പൂർണമായും യോഗമില്ല. ബാബ പറയുന്നു-മറ്റുള്ള എല്ലാ സംഗങ്ങളും വിട്ട് എന്റെ ഒരു സംഗത്തിലേക്ക് ബുദ്ധിയോഗം വയ്ക്കൂ. മറ്റുള്ള സത്സംഗങ്ങളിൽ പ്രിയതമനെ അറിയുന്നില്ല. ഇതും അറിയുന്നില്ല. ആത്മാവിൽ 84 ജന്മത്തിന്റെ അവിനാശീ പാർട്ട് അടങ്ങിയിട്ടുണ്ട്. ആദ്യം നമ്മുടെ ബുദ്ധിയിലും ഉണ്ടായിരുന്നില്ല. പിന്നീട് മറ്റുള്ളവരുടെ ബുദ്ധിയിൽ എങ്ങനെയുണ്ടാവും! നമ്മൾ ദേവതാകുലത്തിലുള്ളതാരാണെന്നും അറിഞ്ഞിരുന്നില്ല. ഇപ്പോൾ നിങ്ങളുടെ സ്മൃതി ഉണർന്നിരിക്കുകയാണ്-നമ്മൾ ബ്രാഹ്മണരാണ്. പിന്നീട് സത്യയുഗത്തിൽ പ്രാലബ്ധം ആരംഭിക്കും-പിന്നെ ആരെന്തു കർമം സത്യയുഗത്തിൽ ചെയ്തിരുന്നുവോ അതുതന്നെ ആവർത്തിക്കും. സംസ്കാരം പുറത്തുവന്നുകൊണ്ടിരിക്കും. ബാബയുടെ മഹിമ ചെയ്യുന്നുണ്ട്- ജ്ഞാനത്തിന്റെ സാഗരം, പ്രേമസാഗരം... എങ്കിൽ നമ്മളും പ്രേമസ്വരൂപരായി മാറണം. നമ്മുടെ വായിൽ നിന്ന് ഇങ്ങനെയുള്ള വാക്കുകൾ പുറപ്പെടരുത്- അതിലൂടെ ആർക്കും ദുഃഖം ഉണ്ടാകരുത്. അഥവാ ആർക്കെങ്കിലും ദുഃഖം കൊടുക്കുകയണെങ്കിൽ മനസിലാക്കണം-നമ്മുടെയുള്ളിൽ ഭൂതമുണ്ട്. പിന്നെ ലക്ഷ്മിയെ വരിക്കാനും സാധിക്കില്ല. ബാബയുടേതായി മാറിയെങ്കിൽ ലക്ഷ്മിയെ വരിക്കാൻ യോഗ്യതയുള്ളവരായി മാറണം. അഥവാ ഏതെങ്കിലും ഭൂതങ്ങൾ ബാക്കിയിരിക്കുന്നുണ്ടെങ്കിൽ ത്രേതായുഗത്തിലേക്കുപോകും. കുട്ടികളിൽ ക്രോധമുണ്ടായിരിക്കരുത്.വളരെ സ്നേഹത്തോടെ നടക്കണം. നോക്കൂ-ബാബയ്ക്ക് എത്ര കുട്ടികളാണ്. എന്നിട്ടും ബാബ ഒരിക്കലും ദേഷ്യപ്പെടാറില്ല. അതുകൊണ്ട് നിങ്ങൾക്കും വളരെവളരെ സ്നേഹസ്വരൂപരായി മാറണം. ഇപ്പോഴും ചില കുട്ടികൾ ഇനിയും പ്രേമസ്വരൂപരായിട്ടില്ല. ചിലപ്പോഴൊക്കെ റിപ്പോർട്ട് വരുന്നുണ്ട്. അതുകൊണ്ട് അവരും മനസിലാക്കുന്നു-ഇവരിൽ ഭൂതമുണ്ട്. ആരിലാണോ സ്വയത്തിൽ ഭൂതമുള്ളത് അവർക്കെങ്ങനെ മറ്റുള്ളവരിൽനിന്ന് ഭൂതമില്ലാതാക്കാൻ സാധിക്കും. വളരെ സ്നേഹസ്വരൂപരായി മാറണം. അത് ഇവിടെ നിന്നുതന്നെ ആവണം. ദേവതകൾ പ്രേമസ്വരൂപരാണല്ലോ. നോക്കൂ ലക്ഷ്മീനാരായണന്റെ ചിത്രം എത്രയാണ് ആകർഷിക്കുന്നത്. അതുകൊണ്ട് നമുക്കും അതുപോലെയായിത്തീരണം. നിങ്ങളോട് പതി ദേഷ്യപ്പെടുകയാണെങ്കിലും നിങ്ങൾ സ്നേഹത്തോടെ സംസാരിക്കണം. അവരിൽ ഭൂതമുണ്ടെങ്കിൽ ഞാനും അതുപോലെയാവട്ടെ, ഇങ്ങനെയല്ല. എന്നിൽ ഏതൊരവഗുണമുണ്ടോ അത് എങ്ങനെയെങ്കിലും എന്തെങ്കിലും ചെയ്ത് അവഗുണത്തെ ഇല്ലാതാക്കണം. വളരെ വളരെ മധുരമായിരിക്കണം. ഒരാൾ പറഞ്ഞു-ലൗകികഅച്ഛൻ വഴക്കു പറയുകയാണ്, അപ്പോൾ ഞാൻ പറഞ്ഞു-അവർ എപ്പോഴാണോ ക്രോധിക്കുന്നത് അപ്പോൾ നിങ്ങൾ നല്ല നല്ല പുഷ്പങ്ങളർപ്പിക്കൂ. അപ്പോളവർക്ക് അത്ഭുതം തോന്നും. പിന്നീടവർ തണുത്തുകൊള്ളും. വളരെ യുക്തിപൂർവം മനസിലാക്കിക്കൊടുക്കണം. എന്തു

കൊണ്ടെന്നാൽ രാവണരാജ്യമല്ലേ. നമ്മൾ രാമ സമ്പ്രദായമുള്ളവരാണ്. സ്വയം ആയിത്തീർന്നില്ലെങ്കിൽ മറ്റുള്ളവരെ എങ്ങനെ ആക്കി മാറ്റും. അതുകൊണ്ടാണ് സ്ഥാപനക്കും സമയമെടുക്കുന്നത്. ഒന്ന്-സ്നേഹത്തോടെ നടക്കണം, രണ്ടാമത് ഓർമയിൽ ഇരിക്കണം. സ്വദർശനചക്രധാരിയായി മാറണം. ജോലിവേലകളൊക്കെ ചെയ്യുക തന്നെ വേണം. അതുകൊണ്ട് രാവിലത്തെ സമയം വളരെ നല്ലതാണ്. പറയാറുണ്ടല്ലോ-നേരത്തെ ഉറങ്ങൂ..നേരത്തെ എഴുന്നേൽക്കൂ..അതുകൊണ്ട് അതിരാവിലെ എഴുന്നേറ്റ് ഇവിടെ വന്നിരിക്കൂ. എങ്കിൽ 5 മിനിറ്റെങ്കിലും ഓർമ നിൽക്കും. പിന്നെ മെല്ലെ മെല്ലെ സ്വഭാവമായിത്തീരുന്നതിലൂടെ ഓർമ പക്കയാകും. ശരി, ഭോജനം കഴിക്കുന്ന സമയത്ത് നോക്കൂ എത്ര സമയം ബാബയുടെ ഓർമയിൽ കഴിച്ചു. അഥവാ മുഴുവൻ സമയവും ഓർമിച്ചിട്ടുണ്ടെങ്കിൽ അതു വലിയ സാഹസം തന്നെയാണ്. ഭോജനസമയത്ത് പരസ്പരം ഒരാൾ മറ്റൊരാളെ ഓർമിപ്പിക്കണം-ബാബയെ ഓർമിക്കൂ. ഓരോ തവണയും ഓർമിപ്പിക്കൂ. നമ്മുടേത് സഹജയോഗമാണ്. ഇപ്പോൾ ബുദ്ധിയിൽ ജ്ഞാനമുണ്ട്. പരമപിതാപരമാത്മാവിനെ സർവശക്തിവാനെന്നാണ് പറയുന്നതെങ്കിൽ അവരിൽ ഏതു ശക്തിയാണ്. ബോംബുകളുണ്ടാക്കാനുള്ള ശക്തിയുണ്ട് എന്നല്ല. ആ ബാബയെ ഓർമിക്കുന്നതിലൂടെ വികർമം വിനാശമാകുന്നു. ഇതൊരു ശക്തിയല്ലേ. നോക്കൂ-എത്ര സാധാരണം എന്നിട്ടും ശക്തി എത്രയാണ്. യഥാർത്ഥ രീതിയിൽ ഓർമിക്കുന്നതിന് പരിശ്രമമുണ്ട്. അതുകൊണ്ട് പരിശ്രമിക്കണം. രാവിലത്തെ സമയം നല്ലതാണ്. ഭക്തിയിലും അതിരാവിലെ എഴുന്നേൽക്കുന്നുണ്ട്. ജ്ഞാനത്തിലും രാവിലത്തെ സമയം വളരെ നല്ലതാണ്. ബാബ പറയുന്നു- ഞാൻ കല്പത്തിൽ ഒരു തവണയേ വരുന്നുള്ളൂ. നിങ്ങളെ കൂടെ കൂട്ടിക്കൊണ്ടുപോകുന്നതിന്. അതുകൊണ്ട് വളരെ വളരെ സന്തോഷത്തോടുകൂടി പോകണം. ദുഃഖധാമത്തിൽ നിന്ന് മുക്തമാകണം. ഇങ്ങനെയുള്ള സ്മൃതിയുണ്ടെങ്കിൽ ഭയമുണ്ടാകില്ല. എത്ര തന്നെ പരീക്ഷകൾ വന്നാലും സ്മൃതി പക്കയായിരിക്കണം. അങ്ങനെയുള്ള ഒരവസ്ഥയുണ്ടാക്കിയെടുക്കണം. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ''ഹം സോ സോ ഹം'' ഇതിന്റെ അർത്ഥവും മനസിലാക്കിത്തന്നല്ലോ. ഹംസോ (നമ്മൾ) പരമാത്മാവല്ല, എന്നാൽ പരമാത്മാവിന്റെ കുട്ടിയാണ്. ഇത് ഹംസോയുടെ ചക്രത്തിന്റെ ദർശനമാണ്. ഈ ഓർമയിലൂടെത്തന്നെയാണ് കറ ഇല്ലാതാവുന്നത്. കറ ഇല്ലാതാക്കുന്നതിനുള്ള സമയം തന്നെയാണ് അമൃതവേള. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ ലഭിച്ച കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യ സാരം:-

1) ജോലിവേലകൾ ചെയ്തുകൊണ്ടും സ്വദർശനചക്രധാരിയായിരിക്കണം. പരസ്പരം ബാബയുടെ ഓർമ്മ ഉണർത്തണം. എത്ര തന്നെ പരീക്ഷകൾ വന്നാലും സ്മൃതിയിൽ തീർച്ചയായും ഇരിക്കണം.

2) വികാരങ്ങളെ ദാനം ചെയ്ത് പിന്നീടതിനെ തിരിച്ചെടുക്കരുത്. ആർക്കും ദു:ഖം കൊടുക്കരുത്. ക്രോധിക്കരുത്. ഉള്ളിൽ എന്തെല്ലാം ഭൂതങ്ങളുണ്ടോ അതിനെയെല്ലാം ഇല്ലാതാക്കണം.

## വരദാനം:- അധികാരിയുടെ സ്മൃതിയിലൂടെ പരവശ സ്ഥിതിയെ സമാപ്തമാക്കുന്ന സദാ സമർത്ഥരായി ഭവിക്കൂ

ആരാണോ സദാ അധികാരിയുടെ സ്മൃതിയിൽ സ്ഥിതി ചെയ്യുന്നത് - അവരുടെ സങ്കൽപം ആജ്ഞയനുസരിച്ച് നടക്കുന്നു. മനസ്സിന്, അധികാരിയെ പരവശമാക്കാൻ സാധിക്കില്ല. ബ്രാഹ്മണ ആത്മാവിന് ഒരിക്കലും തന്റെ ദുർബല സ്വഭാവ സംസ്ക്കാരത്തിന് വശപ്പെടാൻ സാധിക്കില്ല. എപ്പോൾ സ്വഭാവമെന്ന ശബ്ദം മുന്നിൽ വരുന്നോ അപ്പോൾ സ്വഭാവം അർത്ഥം സ്വയത്തെ പ്രതി അല്ലെങ്കിൽ സർവ്വരെ പ്രതിയുമുള്ള ആത്മീക ഭാവം, ഈ ശ്രേഷ്ഠ അർത്ഥത്തിൽ സ്ഥിതി ചെയ്യൂ അതുപോലെ എപ്പോൾ സംസ്ക്കാര ശബ്ദം വരുന്നോ അപ്പോൾ തന്റെ അനാദി, ആദി സംസ്ക്കാരങ്ങളെ സ്മൃതിയിൽ കൊണ്ട് വരൂ അപ്പോൾ സമർത്ഥമാകും. പരവശ സ്ഥിതി സമാപ്തമാകും.

## സ്ലോഗൻ:- വരദാനങ്ങളുടെ ശക്തി ശേഖരിക്കൂ എങ്കിൽ പരിസ്ഥിതിയാകുന്ന അഗ്നി വെള്ളമായി തീരും.

**മാതേശ്വരീജിയുടെ അമൂല്യ മഹാവാക്യം**

1) ദുർഭാഗ്യവും സൗഭാഗ്യവും, ഇപ്പോൾ ഈ രണ്ട് ശബ്ദങ്ങളുടെ ആധാരം എന്തിലാണുള്ളത്? ഈ കാര്യം നമുക്കറിയാം സൗഭാഗ്യശാലിയാക്കുന്നത് പരമാത്മാവും ദുർഭാഗ്യശാലിയാക്കുന്നത് സ്വയം മനുഷ്യർ തന്നെയുമാണ്. എപ്പോൾ മനുഷ്യർ സദാ സുഖിയാണോ അപ്പോൾ അവരുടെ നല്ല ഭാഗ്യമാണെന്ന് പറയുന്നു എപ്പോൾ മനുഷ്യർ സ്വയം ദുഃഖിയാണെന്ന് മനസ്സിലാക്കുന്നോ അപ്പോൾ അവർ സ്വയത്തെ ദുർഭാഗ്യശാലിയെന്ന് മനസ്സിലാക്കുന്നു. നമ്മൾ ഇങ്ങനെ പറയില്ല ദുർഭാഗ്യം അല്ലെങ്കിൽ സൗഭാഗ്യം പരമാത്മാവിലൂടെയാണ് ലഭിക്കുന്നത്, അല്ല. ഇങ്ങനെ മനസ്സിലാക്കുന്നത് വലിയ മൂഢത്വമാണ്. പരമാത്മാവ് നമ്മളെ സൗഭാഗ്യശാലിയാക്കുന്നു എന്നാൽ ഭാഗ്യത്തെ തകർക്കുക അല്ലെങ്കിൽ നിർമ്മിക്കുക ഇതെല്ലാം കർമ്മങ്ങളിൽ ആധാരിതമാണ്. ഇതെല്ലാം മനുഷ്യരുടെ സംസ്ക്കാരങ്ങളിൽ തന്നെയാണ്. പിന്നീട് ഏതുപോലെ പാപത്തിന്റെയും പുണ്യത്തിന്റെയും സംസ്ക്കാരം നിറക്കുന്നോ അതുപോലെ ഭാഗ്യമുണ്ടാകുന്നു എന്നാൽ മനുഷ്യർ ഈ രഹസ്യത്തെ അറിയാത്തതു കാരണം പരമാത്മാവിന് മേൽ ദോഷം ചാർത്തുന്നു. ഇപ്പോൾ നോക്കൂ മനുഷ്യർ സ്വയത്തെ സുഖിയാക്കുന്നതിന് വേണ്ടി മായയുടെ എത്ര വഴികളാണ് കണ്ടെത്തുന്നത് പിന്നീട് അതേ മായയാൽ ചിലർ സ്വയത്തെ സുഖിയെന്ന് മനസ്സിലാക്കുന്നു ചിലർ പിന്നീട് അതേ മായയെ സന്യസിച്ച് മായയെ ഉപേക്ഷിക്കുന്നതിലൂടെ സ്വയത്തെ സുഖിയെന്ന് മനസ്സിലാക്കുന്നു, അർത്ഥം പല പ്രകാരത്തിലുള്ള പ്രയത്നം ചെയ്യുന്നു ഇത്രയും വഴികൾ കണ്ടെത്തിയിട്ടും ഫലം ദുഃഖത്തിലേക്ക് തന്നെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. എപ്പോൾ സൃഷ്ടിയിൽ അതിയായ ദുഃഖം ഉണ്ടാകുന്നോ അപ്പോൾ ആ സമയം സ്വയം പരമാത്മാവ് വന്ന് ഗുപ്തരൂപത്തിൽ തന്റെ ഈശ്വരീയ യോഗ ശക്തിയിലൂടെ ദൈവീക സൃഷ്ടിയുടെ സ്ഥാപന ചെയ്യിപ്പിച്ച് എല്ലാ മനുഷ്യ ആത്മാക്കളെയും സൗഭാഗ്യശാലികളാക്കി മാറ്റുന്നു.

2) എപ്പോൾ ഓം ശാന്തിയെന്ന് പറയുന്നോ അപ്പോൾ അതിന്റെ യഥാർത്ഥ അർത്ഥമാണ് ഞാൻ ആത്മാവ് സാളിഗ്രാമം ആ ജ്യോതി സ്വരൂപ പരമാത്മാവിന്റെ സന്താനമാണ്, നമ്മളും ആ പിതാവായ ജ്യാതിർബിന്ദു പരമാത്മാവിനെ പോലെ രൂപമുള്ളവരാണ്. ബാക്കി നമ്മൾ സാളിഗ്രാമ കുട്ടികളാണ് അതുകൊണ്ട് നമുക്ക് നമ്മുടെ ജ്യോതി സ്വരൂപനായ പരമാത്മാവിനോടൊപ്പം യോഗം വയ്ക്കണം, പ്രകാശ-ശക്തിയുടെ സമ്പത്തെടുക്കണം. ആ പരമാത്മാവിനെ ശ്വാസ-ശ്വാസം ഓർമ്മിക്കുക ഇതിനെ തന്നെയാണ് അജപാജപമെന്ന് പറയുന്നത്. അജപാജപമെന്നാൽ ഏതൊരു മന്ത്രവും ജപിക്കുന്നത് കൂടാതെ സ്വാഭാവികമായും ആ പരമാത്മാവിന്റെ ഓർമ്മയിൽ കഴിയുക, ഇതിനെ തന്നെയാണ് പൂർണ്ണയോഗമെന്ന് പറയുന്നത് യോഗത്തിന്റെ അർത്ഥമാണ് ഒരേഒരു യോഗേശ്വരനായ പരമാത്മാവിന്റെ ഓർമ്മയിൽ കഴിയുക. ഏത് ആത്മാക്കളാണോ ആ പരമാത്മാവിന്റെ ഓർമ്മയിൽ കഴിയുന്നത്, അവരെ യോഗി അഥവാ യോഗിനികൾ എന്ന് പറയുന്നു. എപ്പോൾ ആ യോഗം അർത്ഥം ഓർമ്മയിൽ നിരന്തരം കഴിയുന്നോ അപ്പോൾ മാത്രമാണ് വികർമ്മങ്ങളുടെയും പാപങ്ങളുടെയും ഭാരം നഷ്ടമാകുന്നത് അങ്ങനെ ആത്മാക്കൾ പവിത്രമായി ഭവിഷ്യ ജന്മത്തിൽ ദേവതാ പ്രാലബ്ധം നേടുന്നു. ഇപ്പോൾ വേണ്ടത് ജ്ഞാനമാണ് അപ്പോൾ മാത്രമേ യോഗം പൂർണ്ണമായും വയ്ക്കാൻ സാധിക്കൂ അതുകൊണ്ട് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി പരമാത്മാവിന്റെ ഓർമ്മയിൽ കഴിയണം, ഇതാണ് സത്യമായ ജ്ഞാനം. ശരി. ഓം ശാന്തി.